പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4563

04.02.2014 ൽ മറുപടിക്ക്

**അനധികൃത മണ്ണെണ്ണ വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.കെ. വിജയൻ: | | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | അനധികൃതമായി മണ്ണെണ്ണ സൂക്ഷിക്കുന്ന കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് പരിശോധന നടത്തിയത്; വിശദാംശം നൽകാമോ; | (ബി) | വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. |
| (സി) | അനധികൃതമായി മണ്ണെണ്ണ കടത്തുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ് നിലവിലുണ്ടോ ; | (സി) | വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത കേസിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ ? | (ഡി) | |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

**തിരുവനന്തപുരം**

27.02.2013-ൽ നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ കാട്ടാക്കടയിൽ പരിശോധന നടത്തുകയും, 15 ബാരൽ മണ്ണെണ്ണ പിടിച്ചെടുക്കുകയും ചെയ്തു.

**കൊല്ലം**

കൊല്ലം ജില്ലയിലെ വാടി, നീണ്ടകര, ജോനകപ്പുറം എന്നിവിടങ്ങളിൽ പരിശോധന നടത്തി.

**ആലപ്പുഴ**

ആലപ്പുഴയിലെ അമ്പലപ്പുഴ താലൂക്കിൽ 24.10.2013 ൽ നടത്തിയ പരിശോധനയിൽ അമ്പലപ്പുഴ പുതുവൽ കെ.എം.ഷെറീഫിന്റെ വീട്ടിൽ നിന്നും 180 ലിറ്റർ മണ്ണെണ്ണ ആലപ്പുഴ ജില്ലാ സപ്ലൈ ഓഫീസറും, സംഘവും പിടിച്ചെടുക്കുകയും, ടിയാൾക്ക് 2000/- രൂപ പിഴ ചുമത്തുകയും ചെയ്തു. ഇതു കൂടാതെ കാട്ടൂർ ആന്റണിയുടെ ഉടമസ്ഥതയിൽ നിന്നും 11.11.2013 ൽ 1200 ലിറ്റർ മണ്ണെണ്ണയും, ചേർത്തല തൈയ്ക്കൽ കടക്കരപ്പള്ളി ജോസഫിന്റെ വീട്ടിൽ നിന്നും 1400 ലിറ്റർ മണ്ണെണ്ണയും ജില്ലാ സപ്ലൈ ഓഫീസർ പിടിച്ചെടുത്തു. മണ്ണഞ്ചേരി പോലീസ് സബ്ഇൻസ്പെക്ടറും സംഘവും 14.01.2013 ൽ ശ്രീ.കോശി കൊച്ചുപറമ്പിലിന്റെ വീട്ടിൽ നിന്നും 210 ലിറ്റർ മണ്ണെണ്ണ പിടിച്ചെടുക്കുകയും, ടിയാൾക്ക് 1000/-രൂപ പിഴ ജില്ലാ കളക്ടർ ഈടാക്കുകയും ചെയ്തു.

**എറണാകുളം**

എറണാകുളത്ത് മുനമ്പം, ചെറായി, മലിപ്പുറം തുടങ്ങിയ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും 880 ലിറ്റർ മണ്ണെണ്ണ പിടിച്ചെടുക്കുകയും ചെയ്തു.

**കണ്ണൂർ**

തലശ്ശേരി താലൂക്കിലെ തീരപ്രദേശങ്ങളിൽ നടത്തിയ പരിശോധനകളിൽ കടൽത്തീരത്തിന് സമീപമുള്ള 4 കേന്ദ്രങ്ങളിൽ നിന്നായി മൊത്തം 5537 ലിറ്റർ മണ്ണെണ്ണ പിടിച്ചെടുക്കുകയും 8000/-രൂപ പിഴ ഈടാക്കുകയും മണ്ണെണ്ണയുടെ വില അടപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**തൃശ്ശൂർ**

കൊടുങ്ങല്ലൂർ താലൂക്കിലെ അഴിക്കോട് ലൈറ്റ്ഹൗസ് പരിസരത്തും, പേ ബസാർ, കോട്ടപ്പുറം പരിസരങ്ങളിലും നടത്തിയ പരിശോധനകളിൽ 900 ലിറ്റർ മണ്ണെണ്ണയും, ചാവക്കാട് താലൂക്കിലെ എടക്കഴിയൂരിൽ നടത്തിയ പരിശോധനയിൽ 650 ലിറ്റർ മണ്ണെണ്ണയും പിടിച്ചെടുത്തിട്ടുണ്ട്.

**കാസർഗോഡ്**

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ നിന്നും, കാഞ്ഞങ്ങാട് കടപ്പുറത്തു നിന്നും, കാസർഗോഡ് താലൂക്കിലെ കുറ്റിക്കോൽ പഞ്ചായത്ത് പരിധിയിൽ നിന്നും, വിവിധ പരിശോധനകളിലായി മണ്ണെണ്ണ പിടിച്ചെടുത്തിട്ടുണ്ട്.

| ജില്ല | കേസുകളുടെ വിവരം | കേസുകളുടെ നിലവിലെ സ്ഥിതി |
|---|---|---|
| തിരുവനന്തപുരം | അനധികൃതമായി കടത്തിയ മണ്ണെണ്ണ പിടിച്ചെടുത്ത ഏഴ് പോലീസ് കേസുകൾ നിലവിലുണ്ട്. | ടി കേസുകൾ കോടതിയുടെ പരിഗണനയിലാണ്. |
| കൊല്ലം | കൊല്ലം അഡീഷണൽ ജില്ലാ കോടതിയിൽ സി.എം.എ.37/11 നമ്പരായി കേസ് നിലവിലുണ്ട്. | മണ്ണെണ്ണയോ, വിലയോ തിരികെ നല്കുവാൻ 30.10.2013 ൽ വിധിയാവുകയും, ഇതിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| പത്തനംതിട്ട | അനധികൃതമായി 150 ലിറ്റർ മണ്ണെണ്ണ കടത്തിയതുമായി ബന്ധപ്പെട്ട് തിരുവല്ല താലൂക്കിൽ 22.03.2012 ൽ നം. സി.സി.414/12 ആയി ഫയൽ ചെയ്ത കേസ് നിലവിലുണ്ട്. | കേസിന്റെ വിചാരണ ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി-യിൽ നടന്നുവരുന്നു. |
| ആലപ്പുഴ | 1) അർത്തുങ്കൽ പോലീസ് സബ് ഇൻസ്പെക്ടറും സംഘവും 24.07.2012 ൽ ചേർത്തല തൈയ്ക്കൽ കുളങ്ങര ദിവാകരന്റെ വീട്ടിൽ നിന്നും 3050 ലിറ്റർ മണ്ണെണ്ണ പിടിച്ചെടുക്കുകയും, ക്രൈംനം.258/12 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. | ചേർത്തല ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. |
| | 2) മരാരിക്കുളം പോലീസ് സബ് ഇൻസ്പെക്ടർ കെ.എൽ.24-2947 ലോറിയിൽ നിന്നും 2800 ലി.മണ്ണെണ്ണ 03.08.2012 ൽ പിടിച്ചെടുക്കുകയും, ക്രൈംനം.555/12 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. | കേസ് തുടർന്നു വരുന്നു. മണ്ണെണ്ണയുടെ വില്പന വിലയായ 42,845/- രൂപ സിവിൽ സപ്ലൈസ് അക്കൗണ്ടിൽ അടവുവരുത്തി. |
| | 3) അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നം. 415/12 ആയി അമ്പലപ്പുഴ തൈപ്പറമ്പ് രാധാകൃഷ്ണന്റെ വീട്ടിൽ നിന്നും 1000 ലി. മണ്ണെണ്ണ പിടിച്ചെടുത്ത കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. | മണ്ണെണ്ണ വില്പന നടത്തിയതിന്റെ വിലയായ 1,37,146/-രൂപ സിവിൽ സപ്ലൈസ് അക്കൗണ്ടിൽ അടവു വരുത്തിയിട്ടുണ്ട്. |
| | 4) മണ്ണഞ്ചേരി പോലീസ് സബ് ഇൻസ്പെക്ടറും സംഘവും 28.12.2012-ൽ മാരാരിക്കുളം ശ്രീ.കോശി കൊച്ചുപറമ്പിലിന്റെ വീട്ടിൽ നിന്നും 2000 ലി. മണ്ണെണ്ണ പിടിച്ചെടുക്കുകയും ക്രൈം നം.1127/12 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. | ടി കേസ് കോടതിയിൽ വിചാരണയിലാണ്. |

| | | |
|---|---|---|
| എറണാകുളം | രണ്ട് പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. | കോടതിയിൽ അന്തിമ തീർപ്പായിട്ടില്ല. |
| തൃശ്ശൂർ | നാല് പോലീസ് കേസുകൾ നിലവിലുണ്ട്. | എല്ലാ കേസുകളും കുറ്റപത്രം സമർപ്പിച്ച് കോടതിയുടെ പരിഗണനയിലാണ്. |
| കാസർഗോഡ് | 347 ലി.മണ്ണെണ്ണ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് നാല് കേസുകൾ നിലവിലുണ്ട്. | പിടിച്ചെടുത്ത മണ്ണെണ്ണ സർക്കാരി-ലേയ്ക്ക് കണ്ടുകെട്ടിയിട്ടുണ്ട്. കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. |
| കോഴിക്കോട് | ആറ് കേസുകൾ നിലവിലുണ്ട്. | അഞ്ച് കേസുകളിൽ കണ്ടുകെട്ടിയ മണ്ണെണ്ണ വില്പന നടത്തിയ തുക പിഴയായി സർക്കാരിലേയ്ക്ക് ഒടുക്കി പ്രോസിക്യൂഷൻ നടപടികൾ പുരോഗമിക്കുന്നു. അന്തിമ ഉത്തരവ് ഉണ്ടായിട്ടില്ല. |
| വയനാട് | ഒരു കേസ് നിലവിലുണ്ട്. | കൽപറ്റ സി.ജെ.എം.കോടതിയിൽ സി.സി.676/12 നം. ആയി നടപടികൾ തുടർന്നു വരുന്നു. |